നമ്പർ. സി.പി(2)23020/2013

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 10.11.2013
Email: keralarcs.coop@kerala.gov.in
website : www.cooperation.kerala.gov.in
Fax : 0471-2331513
Tel-0471-2330726

## സർക്കുലർ നമ്പർ. 65/13

വിഷയം : സഹകരണ വകുപ്പ് - സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ ബൈലാ ഭേദഗതി കൾ ഉപനിബന്ധനകൾ - നിരസിച്ചുത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന : സർക്കാരിന്റെ 22.07.2013 ലെ സ.ഉ (സാധാ) നമ്പർ 480/13/സഹനമ്പർ ഉത്തരവ്

................

1969 ലെ കേരള സഹകരണനിയമം വകുപ്പ് (12)പ്രകാരം സഹകരണ സംഘങ്ങൾ ബൈലാഭേദ ഗതിയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകളിലെ ബൈലാഭേദഗതി നിർദ്ദേശങ്ങൾ നിരസിക്കുകയാ ണെങ്കിൽ വകുപ്പ് 12(4) പ്രകാരം ആയതിന്റെ കാരണങ്ങളോടുകൂടി നിരസന ഉത്തരവ് നിരസിച്ച തീയതി മുതൽ 7 ദിവസത്തിനകം സംഘത്തെ രേഖാമൂലം അറിയിച്ചിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന ബൈലാഭേദഗതി നിർദ്ദേശങ്ങൾ, നിരസിക്കുന്ന വേളയിൽ ചില ജോയിന്റ് രജിസ്ട്രാർമാർ 'അപേക്ഷ ക്രമപ്രകാരമല്ല' എന്ന് മാത്രം പറഞ്ഞ് നിരസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. അപ്രകാരം തന്നെ ഉപനിബന്ധനകളും വ്യക്തമായ കാരണം പറയാതെ നിരസിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ സംഘങ്ങൾ അംഗീകാ രത്തിനായി സമർപ്പിക്കുന്ന ബൈലാഭേദഗതികളും ഉപനിബന്ധനകളും ജോയിന്റ് രജിസ്ട്രാർമാർ നിരസിക്കുകയാണെങ്കിൽ ആയത് നിരസിക്കുന്നതിനുള്ള കാരണം നിയമ ചട്ടത്തിലെ വ്യവസ്ഥകൾ വ്യക്തമായി പരാമർശിച്ച് വേണം ഉത്തരവ് പുറപ്പെടുവിക്കേണ്ടത് എന്ന് നിർദ്ദേശിക്കുന്നു. .

ഈ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായും പാലിക്കേണ്ടതാണ്.

ഒപ്പ്
കെ.വി.സുരേഷ് ബാബു
സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല വഹി
ക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

പകർപ്പ് :
1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖാന്തിരം)
3. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
4. വെബ്സൈറ്റ്
5. എഡിറ്റർ, സഹകരണ വീഥി
6. എഡിറ്റർ, സഹകരണ ജേർണൽ
7. സ്റ്റോക്ക് ഫയൽ
8. സ്പെയർ.